**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5500** **15-03-2023 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് കെ.എസ്.ആർ.ടി.സി. മൊബിലിറ്റി ഹബ്ബ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ദേശീയപാത 544-ൽ പുതുക്കാട്, കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള വാണിജ്യ പ്രാധാന്യമുള്ള സ്ഥലത്ത് "മൊബിലിറ്റി ഹബ്ബ്" സ്ഥാപിക്കുമെന്ന പ്രഖ്യാപനം യാഥാർത്ഥ്യമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും, എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയും എന്നുമുള്ള വിവരങ്ങളും അറിയിക്കാമോ? | (എ) | 2021-22 സാമ്പത്തിക വർഷത്തെ Revised Budget Speech-ൽ പുതുക്കാട് കെ.എസ്.ആർ.ടി.സി. മൊബിലിറ്റി ഹബ് (Hub and Spoke Model) നായി കിഫ്ബിയുമായി ചേർന്ന് പദ്ധതി രൂപികരിക്കും എന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ ബജറ്റിൽ ഇതിനായി പ്രത്യേക തുക വകയിരുത്തിയിരുന്നില്ല.<br><br>പുതുക്കാട് ബസ് സ്റ്റേഷനിലുള്ള 4.05 ഏക്കർ സ്ഥലത്തിൽ കെ.എസ്.ആർ.ടി.സി. ബസ് ഓപ്പറേഷന്റെ സെൻട്രൽ ഹബ് ആക്കി മാറ്റുന്നതിന്, 2 ഏക്കർ സ്ഥലം അത്യാധുനിക സൗകര്യങ്ങൾക്കുള്ള ഒരു ബസ് ഡിപ്പോയുടെ നിർമ്മാണത്തിനും, 1 ഏക്കർ സ്ഥലം വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനും, 1 ഏക്കർ സ്ഥലത്ത് ഗ്യാരേജ് നിർമ്മിക്കുന്നതിനുമായി ഒരു വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് KSRTC, Project Management Consultant ആയ M/s. Hindustan Prefab Ltd നെ ചുമതലപ്പെടുത്തിയിരുന്നുവെങ്കിലും യാതൊരു നടപടിയും കൈക്കൊണ്ടില്ല.<br><br>24/9/2021-ന് KIIFB CEO യും മറ്റ് ഉദ്യോഗസ്ഥരുമായി KIIFB ഫണ്ടിന് വേണ്ടി ചർച്ച നടത്തുകയുണ്ടായി. തുടർന്ന് Buro Development Architecture Planning എന്ന സ്ഥാപനം മുഖേന concept drawing ഉം Rough Cost estimate ഉം തയ്യാറാക്കിയിട്ടുണ്ട്.<br><br>തുടർന്ന് സർക്കാർ ഉത്തരവ് GO(Rt)328/2022/Trans dt:05/08/2022 പ്രകാരം KSRTCയുടെ ബസ് സ്റ്റേഷനുകൾ PPP മോഡലിൽ വികസിപ്പിക്കുന്നതിനായി സാധ്യതപഠനം നടത്തുന്നതിനും ഇതുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനങ്ങൾക്കുമായി KIIFB യുടെ Consultancy wing ആയ KIIFCON Pvt. Ltd. നെ Transaction |

| | | | |
|---|---|---|---|
| | | | Advisor ആയി നിയമിച്ചുകൊണ്ട് ഉത്തരവായത്തിന്റെ അടിസ്ഥാനത്തിൽ വാണിജ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ ആയതിനാൽ പുതുക്കാട് ഉൾപ്പെടെയുള്ള 8 (എട്ട്) സ്ഥലങ്ങളിൽ നേരിട്ട് EOI ക്ഷണിക്കുന്നതിന് 09/2/2023 തീയതിയായി M/s. KIIFCON Chief Executive Officer-ക്ക് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ